**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 201 — 26.09.2016 ൽ മറുപടിക്ക്

ചാലക്കുടി താലൂക്ക് ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ്വീകരിച്ചിട്ടില്ല. |
| (ബി) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റും സർജിക്കൽ വാർഡും അടിയന്തിരമായി അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്, എമർജൻസി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2016-17 ആരോഗ്യവകുപ്പിന്റെ പ്ലാൻ സ്കീമിലെ Strengthening of Emergency Medical Care എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സി.റ്റി സ്കാൻ സ്ഥാപിക്കുവാനായി 142 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ 2009-ൽ Road safety Authority നൽകിയ ആംബുലൻസ് പ്രവർത്തന സജ്ജമാണ്.<br>ചാലക്കുടി താലൂക്ക് ആശുപത്രി സമർപ്പിച്ച 260 ലക്ഷം രൂപയുടെ എമർജൻസി ട്രോമാ കെയർ പദ്ധതിയുള്ള പ്രൊപ്പോസൽ 2017-18 ൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. മാത്രമല്ല കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി സർജിക്കൽ വാർഡിന് 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ സ്കീമിൽ അനുമതി ലഭിച്ചില്ലെങ്കിൽ 2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതി ഇനത്തിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ